"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള 14 സ്ഥാപനങ്ങളെ മലയോരം / റിമോട്ട് / ദുർഘടം മേഖലകളായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.326/2023/LBR    തീയതി,തിരുവനന്തപുരം, 17-03-2023

---

പരാമർശം:-
1. **25.02.2017 ലെ സ.ഉ(പി) നമ്പർ 3/2017/ഉഭപവ**
2. ട്രെയിനിംഗ് ഡയറക്ടറുടെ 05.01.2023-ലെ ഡിടി/488/2022-എ2 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചു കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ ഖണ്ഡിക. 10 (iv)-ൽ മലയോരം / റിമോട്ട് / ദുർഘടം എന്നീ പദങ്ങൾ ഒരോന്നും നിർവ്വചിച്ച് ഇതുമായി ബന്ധപ്പെട്ട് ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്

മലയോരം / റിമോട്ട് / ദുർഘടം പ്രദേശങ്ങളായി നിർവ്വചിച്ചിട്ടുള്ള സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നതും വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ളതുമായ 14 സ്ഥാപനങ്ങളെ മലയോരം / റിമോട്ട് / ദുർഘടം മേഖലകളായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി പരാമർശം (2) കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ടി ശിപാർശ വിശദമായി പരിശോധിച്ചു. പൊതുവേ കുന്നും മലകളും നിറഞ്ഞതും, യാത്രാ സകര്യവും ജനവാസവും കുറഞ്ഞതും എത്തിപ്പറ്റാൻ ബുദ്ധിമുട്ടുള്ളതും, പ്രതികൂല കാലാവസ്ഥകളും സാഹചര്യങ്ങളും പരിഗണിച്ചും ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലെ വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള 14 സ്ഥാപനങ്ങളെ മലയോരം / റിമോട്ട് / ദുർഘടം എന്നിങ്ങനെയുള്ള മേഖലകളായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നമ്പർ | ജില്ല | മലയോരം | റിമോട്ട് | ദുർഘടം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | ഗവ.ഐ.ടി.ഐ ആര്യനാട് | ഇല്ല | ഇല്ല |
| 2 | കൊല്ലം | ഗവ.ഐ.ടി.ഐ ചടയമംഗലം | ഇല്ല | ഇല്ല |
| 3 | | ഗവ.ഐ.ടി.ഐ കുളത്തുപ്പുഴ | ഇല്ല | ഇല്ല |
| 4 | ഇടുക്കി | ഗവ.ഐ.ടി.ഐ രാജാക്കാട് | ഇല്ല | ഇല്ല |
| 5 | | ഗവ.ഐ.ടി.ഐ കഞ്ഞിക്കുഴി | ഇല്ല | ഗവ.ഐ.ടി.ഐ കഞ്ഞിക്കുഴി |
| 6 | | ഗവ.ഐ.ടി.ഐ ചിത്തിരപുരം | ഇല്ല | ഗവ.ഐ.ടി.ഐ |

| | | | | |
|---|---|---|---|---|
| | | | | ചിത്തിരപുരം |
| 7 | | ഗവ.ഐ.ടി.ഐ ഏലപ്പാറ | ഇല്ല | ഗവ.ഐ.ടി.ഐ ഏലപ്പാറ |
| 8 | | ഗവ.ഐ.ടി.ഐ കരുണാപുരം | ഇല്ല | ഗവ.ഐ.ടി.ഐ കരുണാപുരം |
| 9 | പാലക്കാട് | ഗവ.ഐ.ടി.ഐ അട്ടപ്പാടി | ഗവ.ഐ.ടി.ഐ അട്ടപ്പാടി | ഇല്ല |
| 10 | | ഗവ.ഐ.ടി.ഐ നെന്മാറ | ഇല്ല | ഇല്ല |
| 11 | കോഴിക്കോട് | ഗവ.ഐ.ടി.ഐ തിരുവമ്പാടി | ഇല്ല | ഇല്ല |
| 12 | വയനാട് | ഗവ.ഐ.ടി.ഐ (വ) നെന്മേനി | ഗവ.ഐ.ടി.ഐ (വ) നെന്മേനി | ഇല്ല |
| 13 | | ഗവ.ഐ.ടി.ഐ വെള്ളമുണ്ട | ഗവ.ഐ.ടി.ഐ വെള്ളമുണ്ട | ഇല്ല |
| 14 | കാസറഗോഡ് | ഗവ.ഐ.ടി.ഐ (വ) വെസ്റ്റ് എളേരി | ഇല്ല | ഇല്ല |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (20.02.2023-ലെ AR14-1/20/2023-PandARD പ്രകാരം)
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usharani L
സെക്ഷൻ ഓഫീസർ
Date: 17-03-2023 17:13:03

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.